LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന പദ്ധതി വെബ് പോർട്ടൽ

33(5188) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയുന്നതിനുവേണ്ടിയുള്ള ads2.kerala.gov.in എന്ന വെബ്പോർട്ടലിൽ മുൻവർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നതിന് നിലവിൽ സംവിധാനമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നത് സംബന്ധിച്ച് ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നതിന് nic-യുമായി ചർച്ച നടത്തി ആയത് പരിഗണിക്കുന്നതാണ്.

(ബി) പുതിയ എം.എൽ.എ.-മാരുടെ പേര് ചേർക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ചെയ്യാനുദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) പതിനാല്, പതിനഞ്ച് കേരള നിയമസഭകൾക്കുവേണ്ടി പ്രത്യേകം എ.ഡി.എസ്. പോർട്ടൽ ഒരുക്കിയാൽ ഈ സാങ്കേതിക പ്രശ്നം പരിഹരിക്കാനാകുമോ?

(ബി&സി) പുതിയ എം.എൽ.എ.-മാരുടെ പേര് ചേർക്കുമ്പോൾ എന്തെങ്കിലും സാങ്കേതിക പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുൻവർഷങ്ങളിൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന വിവരം അറിയുന്നതിന് എ.ഡി.എസ്. വെബ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഓരോ എം.എൽ.എ.-മാരും ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഉത്തരവ് ADS വെബ് പോർട്ടലിൽ 'Proceedings' എന്ന ഓപ്ഷനിൽ ലഭ്യമാണ്.

(ഇ) ads2.kerala.gov.in എന്ന വെബ് പോർട്ടലിൽ എം.എൽ.എ.- മാരുടെ പേരുകൾക്കുപകരം നിയോജകമണ്ഡലങ്ങളുടെ പേര് സെർച്ച് ഓപ്ഷനിൽ നൽകിയാൽ ഒറ്റ വെബ്പോർട്ടലിൽത്തന്നെ തൻ വർഷത്തെയും മുൻ വർഷങ്ങളിലെയും പ്രവൃത്തികളുടെ പുരോഗതി അറിയാൻ കഴിയുന്നവിധം സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നത് nic-യുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്.